(സി) ഉണ്ട്. 157.8 കോടി രൂപയുടെ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) റോഡ്/റെയിൽ മാർഗ്ഗമാണ് കേരളത്തിൽ ഇപ്പോൾ മിക്കവാറും ചരക്കുകൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ചേരുന്നത്. ഇത് കടൽ മാർഗ്ഗം ആക്കിയാൽ താഴെ പറയുന്ന ഗുണങ്ങൾ ഉണ്ടാകുന്നതാണ്.

1. ചരക്കുകൊണ്ടുവരുന്നതിനുള്ള ചെലവ് ഗണ്യമായി കുറയും.

2. അന്തരീക്ഷത്തിന്റെ മലിനീകരണം കുറയ്ക്കാൻ സാധിക്കും

3. ചരക്ക് എത്തിക്കുന്നതിനുള്ള സമയം കുറയും.

4. റോഡിലുള്ള തിരക്കും അതുമൂലമുണ്ടാകാൻ സാദ്ധ്യതയുള്ള അപകടങ്ങളും കുറയ്ക്കാൻ സാധിക്കും.

5. തീ പിടിക്കാൻ സാധ്യതയുള്ള പെട്രോളിയം ഉൽപ്പന്നങ്ങളും രാസവസ്തുക്കളും കടൽമാർഗ്ഗം കടത്തുകവഴി അപകട സാദ്ധ്യത കുറയും.

6. കൈകാര്യം ചെയ്യുന്ന ചരക്കിന്റെ വ്യാപ്തിയും ഭാരവും പ്രശ്നമല്ല. ബംഗാൾ, ഒറീസ്സ, ഗുജറാത്ത്, മഹാരാഷ്ട്ര, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ നിന്ന് ആവശ്യമായ ചരക്കുകൾ കടൽവഴി കൊണ്ടുവരുന്നതിന് വ്യാപാരികൾ തയ്യാറായാൽ സംസ്ഥാന സർക്കാരിന്റെ ഈ ഉദ്യമം വിജയിക്കും. കൂടാതെ പ്രസ്തുത പദ്ധതിമൂലം റോഡിലെ തിരക്ക് കുറയുകയും ഉൽപ്പന്നങ്ങളുടെ വിലയിൽ ഗണ്യമായ കുറവ് വരുത്തുവാനും സാധ്യമാകുന്നതാണ്.

ഭക്ഷ്യവസ്തുക്കൾക്കുണ്ടായ ക്രമാതീതമായ വിലവർദ്ധനവ്

26 (*26) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കൾക്കുണ്ടായ ക്രമാതീതമായ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഭക്ഷ്യ വസ്തുക്കൾക്ക് പച്ചക്കറികൾക്കുൾപ്പെടെ ദിവസം പ്രതി വില ഇരട്ടിയായതിന് കാരണം ഇടത്തട്ടുകാരുടെ സംഘടിത പ്രവർത്തനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിനെതിരെ പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഹോട്ടലുകളിൽ അമിതവില ഈടാക്കുന്നത് തടയാനും, കൃത്രിമ ക്ഷാമവും തമിഴ്നാട്ടിലെ വെള്ളപ്പൊക്കവും മറയാക്കി, മാർക്കറ്റിൽ ഉല്പന്നങ്ങൾക്ക് നിമിഷംപ്രതി വിലവർദ്ധിപ്പിക്കുന്ന പ്രവണത നിയന്ത്രിക്കാനും, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിൽ അവശ്യ സാധനങ്ങൾ ഉത്പാദിപ്പിക്കുന്നതിൽ ഉണ്ടാകുന്ന കുറവ്, ഉൽപ്പാദനക്കുറവ്, പ്രതികൂല കാലാവസ്ഥ എന്നിവയും (productivity) അനിയന്ത്രിതമായ ഇന്ധന വിലവർദ്ധനവും അന്താരാഷ്ട്ര വിപണനയിൽ വരുന്ന മാറ്റങ്ങൾ റീട്ടെയിൽ രംഗത്ത് കുത്തകകളുടെ കടന്നുകയറ്റം എന്നിവയും വിലവർദ്ധനവിന് ഇടയാക്കാറുണ്ട്. എന്നാൽ ശക്തമായ കമ്പോള ഇടപെടൽ കാരണം സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾക്ക് ക്രമാതീതമായ വിലവർദ്ധന ഉണ്ടായിട്ടില്ല.

(ബി) പച്ചക്കറികളുടെ വിലയിലെ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ആയതിന് കാരണം, ഇടത്തട്ടുകാരുടെ സംഘടിത പ്രവർത്തനമാണെന്ന് പറയാൻ കഴിയില്ല. സംസ്ഥാനത്തെ പച്ചക്കറിയുടെ ആവശ്യകതയുടെ ഏറിയ പങ്കും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ആ സംസ്ഥാനങ്ങളിലെ കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റുഘടകങ്ങളും പച്ചക്കറി വിലയെ പ്രതികൂലമായി സ്വാധീനിക്കാറുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സപ്ലൈകോവഴി വീട്ടുപടിക്കൽ ന്യായമായ വിലയ്ക്ക് പച്ചക്കറികൾ എത്തിക്കുന്നുണ്ട്. മൊബൈൽ പച്ചക്കറി വിൽപ്പനശാലകൾ ആരംഭിച്ചിട്ടുണ്ട്. ഇതു വിജയകരമാണെന്നു കാണുന്നപക്ഷം സംസ്ഥാനത്ത് എല്ലായിടത്തും വ്യാപിപ്പിക്കുന്നതിന് ശ്രമിക്കുന്നതാണ്. അവശ്യസാധനങ്ങളുടെ വിതരണത്തിന് മാവേലി സ്റ്റോറുകൾക്കു പുറമെ ഇത്തരം മൊബൈൽ വിൽപ്പനകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ജനങ്ങൾക്ക് എത്തിക്കുന്ന മാർക്കറ്റ് ഇടപെടൽ പദ്ധതി വിലക്കയറ്റം തടയുന്നതിന് പര്യാപ്തമാണ്. സപ്ലൈകോയ്ക്ക് അവശ്യസാധനങ്ങൾ ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ട്/ഏറ്റവും കുറഞ്ഞ നിരക്കിൽ തന്നെ വാങ്ങുന്നതിനായി ഇ-പർച്ചേസ് സംവിധാനമാണ് നിലവിലുള്ളത്. ഇതുമൂലം രാജ്യത്തെ ഏറ്റവും കുറഞ്ഞ വാങ്ങൽ വിലകൾ ഉറപ്പാക്കിയിരിക്കുന്നു. കൃഷിവകുപ്പിന്റെ സഹായത്തോടെ ഹോർട്ടികോർപ്പ് ക്രിസ്തുമസ് വിപണന മേളകൾ ഒരുക്കി വില പിടിച്ചു നിർത്തുവാൻ ശ്രമിക്കുന്നുണ്ട്. 20% സബ്സിഡിയോടെയുള്ള മേളകൾ ഡിസംബർ 24 വരെ ഉണ്ടാകും.

(സി) ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്ക് വില നിശ്ചയിക്കാൻ നിലവിൽ നിയമമില്ല. എന്നാൽ, ഹോട്ടലുകളിലെ വില പ്രദർശിപ്പിക്കാൻ നിയമം അനുശാസിക്കുന്നുണ്ട്. ആയതിന്റെ പിൻബലത്തിൽ സംസ്ഥാനത്തെ എല്ലാ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും വില പ്രദർശിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ട്. അമിതവില ഈടാക്കുന്നതിന് തടയിടുന്നതിനായി എല്ലാ ജില്ലകളിലും കുറഞ്ഞത് 10 മാവേലി ഹോട്ടലുകൾ എങ്കിലും തുടങ്ങാൻ തീരുമാനിച്ചിരുന്നു. അപ്രകാരം സംസ്ഥാനത്തൊട്ടാകെ 56 മാവേലി ഹോട്ടലുകൾ പ്രവർത്തിച്ചു വരുന്നു. ഇത് വ്യാപകമാക്കുവാൻ ശ്രമിക്കുന്നുണ്ട്. സപ്ലൈകോയിൽ നിന്നും സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്ന സാധനങ്ങൾ ഉപയോഗിച്ച് ടി ഹോട്ടലുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

10 മുതൽ 15 രൂപ വരെ നിരക്കിൽ ഊണ് നൽകി വരുന്നുണ്ട്. അവശ്യ സാധനങ്ങളുടെ സംഭരണവും വിതരണവും സിവിൽ സപ്ലൈസ് വകുപ്പ് നിരീക്ഷിച്ചു വരുന്നുണ്ട്. ഫ്ലൈസൻസിംഗ് സമ്പ്രദായം നിർബന്ധമാക്കിയിട്ടുണ്ട്. സ്റ്റോക്കും വിലയും പ്രദർശിപ്പിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നു.

വിഷൻ 2010 പദ്ധതി

27 (*27) ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാം സംസ്ഥാന നിയമസഭയിൽ നടത്തിയ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിഷൻ 2010 പദ്ധതിയിൻ കീഴിൽ ഈ സർക്കാരിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ ഇതുവരെ നടപ്പിലാക്കാനായി എന്ന് വിശദമാക്കുമോ ;

(സി) ഈ പദ്ധതിയിൽ വിഭാവന ചെയ്തിരുന്ന ഏതൊക്കെ പ്രവൃത്തികൾ ഈ സർക്കാരിന്റെ ഇനിയുള്ള കാലാവധിക്കുള്ളിൽ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ഡി) വിഷൻ 2010 സാക്ഷാത്കരിക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ ഏതൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ബഹുമാനപ്പെട്ട മുൻ രാഷ്ട്രപതി ശ്രീ. എ. പി. ജെ അബ്ദുൾ കലാം 2005 ജൂലായ് മാസം കേരള നിയമസഭയിൽ കേരളത്തിന്റെ വികസനത്തിനായി താഴെപറയുന്ന 10 ദൗത്യങ്ങളുടെ രൂപരേഖ നൽകുകയുണ്ടായി. ഇതോടൊപ്പം കേരളത്തിന്റെ വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും മുൻഗണന നൽകുന്ന 6 ദൗത്യങ്ങൾ കൂടി കേരള സർക്കാർ കൂട്ടിച്ചേർക്കുകയുണ്ടായി. ഇവ താഴെപ്പറയുന്നു.

1. വിനോദ സഞ്ചാരം
2. ഉൾനാടൻ ജലഗതാഗത പാത വികസനം
3. വിജ്ഞാന ഉൽപ്പന്നങ്ങളുടെ വിപണനവും വികസനവും
4. ഔഷധ സസ്യങ്ങളുടേയും ആയുർവേദ ഉൽപ്പന്നങ്ങളുടെയും നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly